# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5846

### 19-11-2019 ൽ മറുപടിക്ക്

### പ്രവാസി ചിട്ടിക്കായി കിഫ്ബി ചെലവഴിച്ച തുക

| ചോദ്യം<br>ശ്രീ. കെ.എം. ഷാജി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) പ്രവാസി ചിട്ടിക്ക് വേണ്ടി ഏതെങ്കിലും തരത്തിൽ കിഫ്ബി പണം ചെലവഴിച്ചിട്ടുണ്ടോ;എങ്കിൽ ഏതൊക്കെ ഇനങ്ങൾക്ക് വേണ്ടി എത്ര രൂപ വീതം ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | പ്രവാസി ചിട്ടിക്ക് വേണ്ട സാങ്കേതിക സംവിധാനങ്ങൾ ഒരുക്കുന്നതിലും ചിട്ടിയുടെ പ്രചാരണത്തിനും വേണ്ട ധനസഹായവും കിഫ്ബി നൽകി വരുന്നു. സാങ്കേതിക സംവിധാനങ്ങൾക്കായി 11.63 കോടി രൂപയും ആരംഭഘട്ട പ്രചാരണപ്രവർത്തനങ്ങൾക്കായി 12.01 കോടി രൂപയും കിഫ്ബിയിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ഈ വകയിൽ തുകകൾ ഒന്നുംതന്നെ കെ.എസ്.എഫ്.ഇയിൽ നിന്നും തിരികെ വാങ്ങിയിട്ടില്ല. കെ.എസ്.എഫ്.ഇയിൽ നിന്നും ലഭിക്കുന്ന ബോണ്ടുകൾക്ക് നിലവിൽ ട്രഷറി ഫിക്സഡ് ഡിപ്പോസിറ്റിന്റെ പലിശനിരക്കാണ് നൽകി വരുന്നത്. ഇത് കിഫ്ബി വിപണിയിൽ നിന്ന് എടുക്കുന്ന ലോണുകൾക്ക് നൽകി വരുന്ന പലിശനിരക്കിനേക്കാൾ 1 മുതൽ 2 % കുറവാണ്. ഏകദേശം 10000 കോടി രൂപ കെ.എസ്.എഫ്.ഇ ചിട്ടിയിലൂടെ സമാഹരിക്കുന്നതിനായാണ് കിഫ്ബി ലക്ഷ്യമിടുന്നത്. ഇത്രയും ആദായ നിരക്കിൽ ഈ ബോണ്ടുകൾ കിഫ്ബിയ്ക്ക് ലഭിക്കുന്നതിനാൽ സാങ്കേതിക സംവിധാനങ്ങൾക്കും ആരംഭഘട്ട പ്രവർത്തനങ്ങൾക്കുമായി ചെലവഴിച്ച തുക കിഫ്ബി വഹിക്കുന്നതായിരിക്കും ഉചിതം. |
| (ബി) പ്രവാസി ചിട്ടിക്ക് വേണ്ടി കിഫ്ബി പണം ചെലവഴിച്ചിട്ടുണ്ടെങ്കിൽ ഈ തുക കെ.എസ്.എഫ്.ഇ തിരിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ തിരിച്ചുനൽകി; | |
| (സി) പ്രവാസി ചിട്ടിക്കു വേണ്ടി കിഫ്ബി പണം ചെലവഴിക്കുമ്പോൾ ആ തുക തിരികെ പിടിക്കുമെന്ന് കെ.എസ്.എഫ്.ഇ യുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ; | കിഫ്ബി ബോണ്ടുകളിൽ കെ.എസ്.എഫ്.ഇയുടെ നിക്ഷേപവും അതിന്റെ തിരിച്ചടവും സംബന്ധിച്ച കരാറിൽ 01.06.2019 ന് ഇരു കക്ഷികളും ഏർപ്പെട്ടിട്ടുണ്ട്. ഇതിനു 01.11.2018 മുതൽ പ്രാബല്യമുണ്ട് |

| | |
|---|---|
| (ഡി) പ്രവാസി ചിട്ടിക്കുവേണ്ടി കിഫ്ബി പണം ചെലവഴിച്ചു തുടങ്ങിയത് എന്നു മുതലാണ്; കെ.എസ്.എഫ്.ഇ യുമായി ഉണ്ടാക്കിയ കരാറിന് എന്നു മുതലാണ് പ്രാബല്യം ഉള്ളതെന്ന് അറിയിക്കാമോ; | കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയുടെ പ്രവർത്തങ്ങൾക്കായി കിഫ്ബി 2017 മുതൽ ധനസഹായം നൽകുന്നുണ്ട്. |
| (ഇ) പ്രവാസി ചിട്ടി കാൾ സെന്ററിലെ ടെലിഫോൺ ഇന്റർനെറ്റ് ചാർജ്ജുകൾ നിലവിൽ നൽകുന്നത് കിഫ്ബി ആണോ; ഈ ഇനത്തിൽ കിഫ്ബി എത്ര രൂപ നൽകി; | പ്രവാസി ചിട്ടി കോൾ സെന്ററിലെ ടെലിഫോൺ ഇന്റർനെറ്റ് ചാർജ്ജുകൾ നിലവിൽ നൽകുന്നത് കിഫ്ബിയാണ്. ഈ ഇനത്തിൽ 58,32,740/- രൂപ ചെലവായിട്ടുണ്ട്. |
| (എഫ്) പ്രവാസി ചിട്ടിയുടെ സോഫ്റ്റ് വെയർ വികസനവും പരിപാലനവും മേൽനോട്ടം വഹിക്കുന്നത് കിഫ്ബി ആണോ; എന്ത് കൊണ്ടാണ് ഈ ചുമതല പൂർണ്ണമായും കെ.എസ്.എഫ്.ഇ ക്ക് നൽകാത്തതെന്ന് അറിയിക്കാമോ? | കിഫ്ബിയ്ക്ക് ലഭിക്കാവുന്ന നേട്ടങ്ങൾ കണക്കിലെടുത്ത് കെ. എസ്.എഫ്.ഇ പ്രവാസി ചിട്ടിയുടെ രൂപ രേഖ തയ്യാറാക്കുന്നതു മുതൽ അതിന്റെ എല്ലാ ഘട്ടങ്ങളിലും കിഫ്ബിയുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. വളരെ സങ്കീർണ്ണമായ ചിട്ടിയുടെ നടപടി ക്രമങ്ങൾ ഓൺലൈൻ സംവിധാനത്തിനു ഉതകും വിധം ചിട്ടപ്പെടുത്തുക, ഇതിനു അനുസൃതമായ സോഫ്റ്റ് വെയർ ഘടന തയ്യാറാക്കുക അവ ടെസ്റ്റ് ചെയുക മറ്റു അനുബന്ധ സാങ്കേതിക സഹായങ്ങൾ നൽകുക എന്നിങ്ങനെ എല്ലാ നിർണ്ണായക ഘട്ടത്തിലും പ്രവാസി ചിട്ടിക്ക് ആവശ്യമായ പ്രചരണങ്ങൾ ഉറപ്പുവരുത്തുന്നതിനും കിഫ്ബി കെ.എസ്.എഫ്.ഇ യോട് ഒത്തുനിന്നു പ്രവർത്തിച്ചുവരുന്നു. സോഫ്റ്റ് വെയർ വികസനം പൂർത്തിയാകുന്ന മുറക്ക് പ്രവാസി ചിട്ടിയുടെ സോഫ്ട് വെയറിന്റെ പൂർണ്ണ മേൽനോട്ടം കെ.എസ്.എഫ്.ഇ യ്ക്ക് കൈമാറുന്നതാണ്. |

**സെക്ഷൻ ഓഫീസർ**